(ബി) പ്രസ്തുത പ്രൊജക്ടിന് ഭരണാനുമതി ലഭിച്ചതെപ്പോഴെന്ന് വ്യക്തമാക്കാമോ;

(സി) ടെൻഡർ ഇതുവരെ ക്ഷണിച്ച നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ വിശദമായ സമയക്രമത്തിന് രൂപമാകുകയും പ്രവൃത്തി ആരംഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുകയും ചെയ്യുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നതായി അറിയിക്കുന്നു.

(ബി) പദ്ധതി നിർവ്വഹണത്തിനുള്ള 8-11-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 1885/2012/ടൂറിസം പ്രകാരം 200 രൂപയുടെ മുദ്രപത്രത്തിൽ ലഭിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതി നിർവ്വഹണത്തിനുള്ള ഇൻവൈറ്റേഷൻ പ്രീക്വാളിഫൈ ചെയ്ത് ടെണ്ടർ ക്ഷണിക്കുന്നതിന് ആലോചിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രീക്വാളിഫൈ ചെയ്യുമ്പോൾ കരാറുകാരിൽ നിന്നുള്ള ടെണ്ടർ ലഭിച്ചതിനു ശേഷം ടെൻഡർ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഒറ്റത്തവണ പുനഃക്രമീകരണ പദ്ധതി

346 (1431) ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ

(എ) ഒറ്റത്തവണ പുനഃക്രമീകരണ പദ്ധതി പ്രകാരം സഹകരണബാങ്കുകൾക്ക് നൽകുന്ന ഇളവ് അനുവദിച്ചിരുന്നത് എന്ന് മുതൽ തുടർന്നു വരുന്നതാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ സഹകരണ ബാങ്കുകളുടെ മൊത്തം അനുവദിച്ചിരുന്ന തുകയും ഇതുവരെ ഓരോ ബാങ്കുകൾക്കും അനുവദിച്ചിരുന്ന തുകയും വ്യക്തമാക്കുമോ;

(സി) ഓരോ ബാങ്കുകളിലെയും കുടിശ്ശിക നിവാരണത്തിന് ഈ പദ്ധതി എത്രമാത്രം ഫലപ്രദമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് തുടർച്ച നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ, ഒറ്റത്തവണ പുനഃക്രമീകരണ പദ്ധതി പ്രകാരം സഹകരണത്തെ ശ്രേണിയിലെ പ്രൈമറി സഹകരണ സംഘങ്ങൾക്ക് 400 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

---

* ചോദ്യമായിത്തീർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. കൂടുതൽ പ്രവൃത്തികൾക്ക് ഇക വീണ്ടും അനുവദിച്ചിട്ടുണ്ട്.

(സി&ഡി) പേരാമ്പ്ര മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾക്കായി ലഭിച്ച എസ്റ്റിമേറ്റുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ച പ്രവൃത്തികളുടെ പട്ടിക അനുബന്ധം- III ആയി ചേർക്കുന്നു.*

പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

347 (1432) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എത്ര തുകയുടെ പ്രവൃത്തിക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അപ്രോച്ച് റോഡില്ലാത്തത് കാരണം പാലം പ്രയോജനരഹിതമായി കിടക്കുന്ന പ്രശ്നം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് 165 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, എത്രയും വേഗം പ്രവൃത്തി ഇടങ്ങി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

348 (1433) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒരു റോഡുപോലും ലഭിക്കാത്ത മണ്ഡലങ്ങളിൽ റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly